**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം**
**വഞ്ചിയൂർ.പി.ഒ., തിരുവനന്തപുരം. പിൻ - 695035**
**ഫോൺ: 0471 2302490 ഫാക്സ് :0471 2303025/2303080**
ഇ-മെയിൽ: dhskerala@gmail.com വെബ്സൈറ്റ്:
**www.dhs.kerala.gov.in**

---

**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

**തിരുവനന്തപുരം**

വിഷയം: ആരോഗ്യവകുപ്പ് - ഡോ. നബീല നാസിർ (**Dr. Nabeela Nazir**), അസിസ്റ്റന്റ് സർജൻ - അസിസ്റ്റന്റ് സർജൻ കേഡറിലെ പ്രൊബേഷൻ അവസാനിപ്പിച്ച് സേവനത്തിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 1. നം. എ3- 863/2024/HEALTH തീയതി. 10.12.2024

2. GE06/G/N-752/326 അക്കൗണ്ടന്റ് ജനറൽ തീയതി. 27.06.2024

3. നമ്പർ എ6- 25259/2015 ജിമെഅ മലപ്പുറം തീയതി. 01.09.2015

4. കാരണം കാണിക്കൽ നോട്ടീസ് നമ്പർ ഇഎ4-690213/2015/ആവഡ തീയതി. 26.10.2015

5. എ1- 4206/2019/ ജിമെഅ മലപ്പുറം തീയതി. 15.02.2019

6. ഉത്തരവ് നം. ഇഎ4- 69023/2015/ആവഡ തീയതി. 20.04.2019

07. നമ്പർ എ1- 8178/2019/ജിമെഅ കാസർഗോഡ് തീയതി. 06.11.2019

08. കാരണം കാണിക്കൽ നോട്ടീസ് നമ്പർ ഇഎ4-69023/2015/ആവഡ തീയതി. 23.11.2019

09. ഡോ. നബീല നാസിർ സമർപ്പിച്ച അപേക്ഷ തീയതി. 12.02.2022

10. കത്ത് നം DHS/8603/2023-AB3 തീയതി. 21.11.2024

<u>ഉത്തരവ് നം DHS/9974/2023-EA4 തീയതി.16-12-2024</u>

ഡോ. നബീല നാസിർ 23.02.2013 ന് ആരോഗ്യ വകുപ്പിൽ അസിസ്റ്റന്റ് സർജൻ ആയി ജോലിയിൽ പ്രവേശിപ്പിക്കപ്പെട്ട വ്യക്തിയാണ്. മാറാഞ്ചേരി സാമൂഹികാരോഗ്യകേന്ദ്രത്തിൽ സേവനത്തിൽ തുടരവെ 17.07.2015 മുതൽ ടിയാൾ അനധികൃതമായി ജോലിയ്ക്കു ഹാജരാകാതിരുന്ന വിവരം പരാമർശം (3) പ്രകാരം മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ടിയാൾക്ക് പരാമർശം (4) പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു. ഭാവിയിൽ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടുനിൽക്കുകയില്ലെന്ന് ഡോ. നബീല നാസിർ സമർപ്പിച്ച ബോണ്ട് പരാമർശം (5) പ്രകാരം ജില്ലാ മെഡിക്കൽ ഓഫീസർ ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരാമർശം (6) പ്രകാരം ടിയാളെ സേവനത്തിൽ പുനഃ പ്രവേശിപ്പിക്കുന്നതിന് അനുമതി നൽകുകയും ചെയ്തിരുന്നു.

2. 13.05.2019 പൂർവാഹ്നം ബേഡഡുക്ക താലൂക്കാശുപത്രിയിൽ പ്രവേശിച്ച ഡോ. നബീല നാസിർ 11.08.2019 മുതൽ വീണ്ടും സർവ്വീസിൽ നിന്നും അനധികൃതമായി വിട്ടുനിൽക്കുന്നതായി കാസർഗോഡ് ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) റിപ്പോർട്ട് ചെയ്തു. ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രൊബേഷണർ ആയതിനാൽ പ്രൊബേഷൻ കാലാവധിയ്ക്കുള്ളിൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരിക്കുന്ന ടിയാളെ 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവീസസ് റൂൾസിലെ ബന്ധപ്പെട്ട ചട്ടങ്ങൾ പ്രകാരം പ്രൊബേഷൻ അവസാനിപ്പിച്ചു സർവ്വീസിൽ നിന്നും നീക്കം ചെയ്യാൻ താത്കാലികമായി തീരുമാനിച്ച് പരാർശം (8) പ്രകാരം ടിയാൾക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു.

3. 23/11/2019-ൽ നല്കിയ പ്രസ്തുത നോട്ടീസിന് യദാസമയം ഡോ. നബീല നാസിർ മറുപടി നല്കിയില്ല. പിന്നീട് ടിയാൾ പരാമർശം (9)

പ്രകാരം സമർപ്പിച്ച 12/2/2022-ലെ അപേക്ഷ പരിശോധിച്ചു. ആയതിൽ 2019 നവംബർ മാസത്തെ സ്കീം അനുസരിച്ച് ജോലിയിൽ തിരികെ പ്രവേശിപ്പിക്കണമെന്നും കോട്ടയം ജില്ലയിലെ ചങ്ങനാശ്ശേരിയിലോ സമീപ പ്രദേശങ്ങളിലോ പുനർ നിയമിക്കണമെന്നും, നിയമാനുസൃതം മെഡിക്കൽ ലീവ് അനുവദിക്കണമെന്നും കാലതാമസം മാപ്പക്കണമെന്നും ടിയാൾ അപേക്ഷിച്ചിട്ടുണ്ട്. ടിയാളുടെ അപേക്ഷ വിശദമായി പരിശോധിച്ചു. നിയമന അധികാരിയുടെ നോട്ടീസിനോട് പോലും ടിയാൾ യദാ സമയം പ്രതികരിക്കുന്നില്ല. ഒരിക്കൽ അനധികൃത ഹാജരില്ലായ്മയിൽ പ്രവേശിച്ച ഡോ. നബീല നാസിറിനു സർവീസിൽ തിരികെ പ്രവേശിക്കുന്നതിന് അനുമതി നല്കിയിട്ടുള്ളതും അതിന്റെ അടിസ്ഥാനത്തിൽ തിരികെ പ്രവേശിച്ചിട്ടുള്ളതുമാണ്. സേവനത്തിൽ തിരികെ പ്രവേശിച്ച ടിയാൾ വീണ്ടും അനധികൃതമായി ഹാജരാകാതിരുന്നത് ഒരു തരത്തിലും ന്യായീകരിക്കാവുന്നതല്ല. ആരോഗ്യ വകുപ്പ് ആവശ്യ സേവനം നല്കുന്ന ഒരു വകുപ്പാണ്. തന്നിഷ്ട പ്രകാരം ജോലിക്ക് ഹാജരാകാതിരിക്കുന്നത് ഒരു കാരണവശാലും അംഗീകരിക്കുവാൻ കഴിയില്ല. 11.08.2019 മുതൽ വീണ്ടും അനധികൃതമായി ജോലിക്കു ഹാജരാകാതിരുന്നതിലൂടെ പ്രൊബേഷണർ ആയ ഡോ. ഡോ. നബീല നാസിറിന്റെ വർക്ക് ആന്റ് കോണ്ടക്ട് തൃപ്തികരമല്ല എന്ന് വിലയിരുത്തുന്നു.

4. മേൽ സാഹചര്യത്തിൽ 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവീസസ് റൂൾസ് പാർട്ട് II ചട്ടം 19 (a) (ii) പ്രകാരം ഡോ. നബീല നാസിർ അസിസ്റ്റന്റ് സർജന്റെ പ്രൊബേഷൻ അവസാനിപ്പിച്ച് ടിയാളെ സർവീസിൽ നിന്നും നീക്കം ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു.

Signed by
Reena K J
Date: 16-12-2024 12:50:45

**Dr REENA K J,**
**DIRECTOR OF HEALTH SERVICES**

സ്വീകർത്താവ്,

ഡോ നബീല നാസിർ,

അഴീക്കൽ ഹൗസ്, പെരുന്ന പി. ഒ,
ചങ്ങനാശ്ശേരി, കോട്ടയം
[രജിസ്റ്റേർഡ് (എഡി സഹിതം)]

പകർപ്പ്,

1. അഡീഷണൽ ചീഫ് സെക്രട്ടറി,
ആരോഗ്യ കുടുംബക്ഷേമ വകുപ്പ്, ഗവൺമെന്റ് സെക്രട്ടേറിയേറ്റ്,
തിരുവനന്തപുരം. (ആമുഖ കത്ത് സഹിതം)
2. അക്കൗണ്ടന്റ് ജനറൽ (A & E), തിരുവനന്തപുരം
3. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) കാസർഗോഡ്
4. സൂപ്രണ്ട്,
താലൂക്കാശുപത്രി, ബേഡഡുക്ക
5. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റ്
6. ഫയൽ / സ്റ്റോക്ക് ഫയൽ